# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വന്‍കിട ജലസേചന പദ്ധതികള്‍</u>

858 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയില്‍
,, സി. കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള ജലസേചന പദ്ധതികള്‍ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ ആരംഭിച്ച് വര്‍ഷങ്ങള്‍ കഴിഞ്ഞ വന്‍കിട ജലസേചന പദ്ധതികള്‍ പൂര്‍ത്തിയാക്കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ചെക്ക് ഡാമുകളുടെയും സ്റ്റോറേജ് ഡാമുകളുടെയും നിർമ്മാണം</u>

859 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' വർക്കല കഹാർ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കുട്ടനാട്ടിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ

860 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് മേജർ/മൈനർ ഇറിഗേഷൻ വകുപ്പു മുഖാന്തിരം 2013-14 -ൽ സാമ്പത്തിക അനുമതി നൽകിയത് എന്നുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് ആരുടെയെല്ലാം ശുപാർശ പ്രകാരമാണ് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) എം.എൽ.എ മുഖാന്തിരം സമർപ്പിച്ച ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടെന്നും നൽകാനുണ്ടെന്നുമുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കൂട്ടിലങ്ങാടിയിൽ ചെറുപുഴയ്ക്ക് കുറുകെ വി. സി.ബി.-കം-ബ്രിഡ്ജ്

861 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടിയിൽ ചെറുപുഴയ്ക്ക് കുറുകെ വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ദീർഘകാല ആവശ്യമായ വി.സി.ബി. അവിടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ 'പാലായിവളവിൽ ഷട്ടർ കം ബ്രിഡ്ജി'ന്റെ നിർമ്മാണം

862 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം - കയ്യൂർ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന 'പാലായിവളവിൽ ഷട്ടർ കം ബ്രിഡ്ജി'ന്റെ നിർമ്മാണാനുമതി എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

863 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്താമോ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ സ്ഥലം</u>

864 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം കഴിഞ്ഞതിനുശേഷം ബാക്കിയുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി അതിരുകൾ സ്ഥാപിച്ച് സംരക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും ആയത് എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കും എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുന്തിപ്പുഴക്ക് കുറുകേ തടയണ നിർമ്മാണം</u>

865 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറയേയും, കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളയത്തേയും ബന്ധിപ്പിക്കുന്ന തരത്തിൽ കുന്തിപ്പുഴക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

തെൻമല ഡാമിലെ മണലും എക്കലും നീക്കം ചെയ്യാൻ നടപടി

866 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് തെൻമല ഡാമിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം തെന്മല ഡാമിൽ നിന്നും മണൽ നീക്കം ചെയ്യാൻ കഴിയാത്ത സാഹചര്യം സംജാതമാകുമെന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) മണലും എക്കലും നീക്കം ചെയ്യാത്തത് ഡാമിന്റെ സുരക്ഷിതത്വത്തെ ഭാവിയിൽ ബാധിക്കുമെന്നതുകൊണ്ട് ഇതിനായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വെഞ്ചേമ്പ് - അയണിക്കോട് പാലത്തിന്റെ കൈവരി നിർമ്മിക്കാൻ നടപടി</u>

867 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട ഇടതുകര കനാലിൽ കരവാളൂർ ഗ്രാമപഞ്ചായത്ത് ഭാഗത്തെ വെഞ്ചേമ്പ് -അയണിക്കോട് പാലം തകർന്ന് അപകടാവസ്ഥയിൽ ആയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അപകടാവസ്ഥയിലുള്ള പ്രസ്തുത പാലത്തിന്റെ കൈവരി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇറിഗേഷൻ കനാൽ നവീകരണം</u>

868 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കനാലിന്റെ ഏതെല്ലാം സ്ഥലങ്ങളിലാണ് മണ്ണ് അടിഞ്ഞുകൂടിയിട്ടുള്ളതെന്നും അത് നീക്കം ചെയ്യുന്നതിന് എന്ത് തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) കനാലിന് അറ്റകുറ്റപ്പണികൾ ആവശ്യമായത് എവിടെയൊക്കെയെന്നും എന്ത് അറ്റകുറ്റപ്പണികളാണ് അവിടെ ചെയ്യാനുള്ളതെന്നും ആയത് പൂർത്തിയാക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ മണ്ഡലത്തിൽ ചെറുകിട ജലസേചന പദ്ധതികൾ</u>

869 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തടയണകൾ നിർമ്മിക്കുന്നതിന് ഭരണാനുമതിക്കുവേണ്ടിയുള്ള പ്രൊപ്പോസലിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ജലസേചന/ചെറുകിട ജലസേചന പദ്ധതിയിൽപെട്ട ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ചിമ്മിനി ഡാം പ്രോജക്ടിന്റെ അനുബന്ധ പദ്ധതികൾ

870 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം പ്രോജക്ട് സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായുള്ള കാനത്തോട് റഗുലേറ്റർ -കം-ബ്രിഡ്ജ്, നെല്ലായി ലിഫ്റ്റ് റഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നമ്പ്യാർക്കാൽ അണക്കെട്ട്</u>

871 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നമ്പ്യാർക്കാൽ അണക്കെട്ടിനുവേണ്ടി എന്തു തുകയുടെ എസ്റ്റിമേറ്റിനാണ് ആദ്യം ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത എസ്റ്റിമേറ്റനുസരിച്ച് പണി നടക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി നൽകിയത് എന്തു തുകയുടെ എസ്റ്റിമേറ്റിനായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതനുസരിച്ച് പ്രവൃത്തി നടക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) മൂന്നാം തവണ ഭരണാനുമതി നൽകിയത് എത്ര രൂപയുടെ എസ്റ്റിമേറ്റിനായിരുന്നു;

(ഡി) രണ്ടാം തവണത്തെ കരാറിനെക്കാൾ എത്ര ലക്ഷം രൂപ അധികമാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക എന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ തവണയും ഭരണാനുമതി നൽകി പദ്ധതി നടപ്പിലാകാതെ പോകുമ്പോൾ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിലൂടെ പദ്ധതിക്ക് വേണ്ടി വരുന്ന അധിക ചെലവിന്റെ ഉത്തരവാദികൾ ആരൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അവർക്കെതിരെ അന്വേഷണമോ നടപടിയോ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## അച്ചൻ കോവിൽ ഡാം

872 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലിലെ നിർദ്ദിഷ്ട ഡാമിന്റെ സംഭരണപ്രദേശം സംബന്ധിച്ച് ഏതൊക്കെ വകുപ്പുകളാണ് സർവ്വേ നടത്തുന്നതെന്നും ഇത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതിക അനുമതിക്കുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കല്‍പ്പറ്റയിലെ ആനോത്ത് പുഴയുടെ തീരത്തിന്റെ പുനര്‍ നിര്‍മ്മാണം

873 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ ആനോത്ത് പുഴയുടെ തീരം ഇടിഞ്ഞുപോയത് പുനര്‍ നിര്‍മ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്‍മേല്‍ എതെല്ലാം വകുപ്പുകള്‍ നടപടി ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പുഴയുടെ വശങ്ങള്‍ ഇടിഞ്ഞുപോയത് നിര്‍മ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കബനി, ഭവാനി, പാമ്പാർ നദികളിൽനിന്നുള്ള ജല സംഭരണം</u>

874 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരി ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം കബനി, ഭവാനി, പാമ്പാർ ബേസിനുള്ളിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട ജലം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നത് സർക്കാരിന്റെ വീഴ്ച മൂലമാണെന്നത് പരിഗണിച്ചിട്ടുണ്ടോ;

(ബി) പാമ്പാർ നദീ ജലം ശേഖരിക്കുന്നതിനായി പട്ടിശ്ശേരിയിൽ നിർമ്മിക്കുന്ന ഡാമിന്റെ പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ;

(സി) ഭവാനി നദിയിൽ നിന്നും ജലം സംഭരിക്കുന്നതിനായി അട്ടപ്പാടിയിൽ ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ രാമപുരം പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ്</u>

875 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

നാദാപുരത്ത് ചെറുകിട ജലസേചന പദ്ധതികൾ

876 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ:

(ബി) ഉണ്ടെങ്കിൽ ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് അടൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

877 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ അടൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ, ആയതിന്റെ പ്രവർത്തന പുരോഗതി എന്നിവ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയ്ക്കു മുകളിലായി സ്റ്റോറേജ് ഡാം, ചെക്ക് ഡാം നിർമ്മാണം

878 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയ്ക്കു മുകളിലായി സ്റ്റോറേജ് ഡാം, നിർമ്മിക്കുന്നതിനോ, ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനോ എന്തെങ്കിലും ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുന്തിപ്പുഴയിലെ തടയണ നിർമ്മാണം</u>

879 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്തിപ്പുഴയിൽ പാലക്കാട് തിരുവേഗപ്പുറയേയും മലപ്പുറം വലിയകുന്നിനെയും ബന്ധിപ്പിക്കുന്ന തിരുവേഗപ്പുറ തടയണയുടെ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണം 2014-2015 സാമ്പത്തിക വർഷംതന്നെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

880 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജലവിഭവ വകുപ്പിലൂടെ അരൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട് ;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി മാഞ്ഞാലിതോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ</u>

881 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ വെട്ടിപ്പുഴക്കാവ് ഭഗവതിക്ഷേത്രം മുതൽ മധുരപുറം പാലം വരെയുള്ള പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി നബാർഡ് 25.04.2011-ൽ 12 കോടി രൂപ അനുവദിച്ചിരുന്നതും, പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം മൂലം 20.04.2013-ൽ 14 കോടി രൂപയായി റിവൈസ് ചെയ്തതുമായ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) 25.04.2011-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവർത്തനത്തിന് 20.04.2013-ൽ പുതുക്കിയ അനുമതി ലഭിച്ചിട്ടും പണി ആരംഭിക്കുവാൻ കഴിയാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വാമനപുരം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

882 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ, വാമനപുരം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് തുക സഹിതം വിശദമാക്കുമോ;

(ബി) ഇനിയും നടപ്പിലാക്കാനുള്ള പദ്ധതികളുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരം അറിയിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

എലത്തൂര്‍ നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികള്‍

883 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂര്‍ നിയോജകമണ്ഡലത്തില്‍ ജലസേചന വകുപ്പിന്റെ എത്ര പദ്ധതികള്‍ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികളും തുകയും പഞ്ചായത്ത് അടിസ്ഥാനത്തില്‍ വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളില്‍ ഇതുവരെ പ്രവൃത്തി ആരംഭിക്കാത്തവ ഏതൊക്കെയെന്ന് അറിയിക്കുമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജലചൂഷണം തടയാൻ നടപടി</u>

884 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സ്വകാര്യ കളിമണ്ണ് ഖനന കമ്പനി ജലചൂഷണം നടത്തുന്നതായി ഭൂഗർഭ ജല വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ജലചൂഷണത്തിനെതിരെ കമ്പനിക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് വകുപ്പ് നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജലചൂഷണം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജലവിഭവ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

885 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുളളതും നിർമ്മാണം നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രകോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി കൊടുത്തിട്ടില്ലാത്തവ ആകെ എന്ത് തുകയുടേതാണ്;

(സി) ഭരണാനുമതി നൽകിയിട്ടുളള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും. ഭരണാനുമതി നൽകിയിട്ടുളളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക എത്രയാണ്; ഇതിനായി നടപ്പു ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്; അതിൽനിന്നും നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുഴകളും തോടുകളും മാലിന്യമുക്തമാക്കുന്നതിന് നടപടി</u>

886 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പുഴകളും തോടുകളും മാലിന്യ മുക്തമാക്കുന്നതിന് സ്വീകരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രകാരം പുഴകളിലും തോടുകളിലും നടപ്പിലാക്കിയ മുൻകരുതൽ പരിപാടികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പ്രവർത്തനങ്ങൾ മൂലം, മുൻ കാലങ്ങളെ അപേക്ഷിച്ച് നദികളിലും തോടുകളിലും മാലിന്യ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജലസംരക്ഷണവും പരിപാലനവും</u>

887 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജലസമ്പാദ്യപദ്ധതി

888 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസമ്പാദ്യപദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുതപദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണു പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിനടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജലസ്രോതസ്സ് സംരക്ഷണ പദ്ധതി

889 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഈ പദ്ധതികളുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>മഴവെള്ളസംഭരണം ജനകീയമാക്കുന്നതിനു പദ്ധതി</u>

890 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ളസംഭരണം ജനകീയമാക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ചയിൽനിന്നും സംസ്ഥാനത്തെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

കിണർ റീചാർജിങ് പദ്ധതി

891 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഈ പദ്ധതിക്കായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വേനൽക്കാലത്തെ ജലദൗർലഭ്യം പരിഹരിക്കാൻ നടപടി</u>

892 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മഴക്കാലതത് നടത്തിയ ശുദ്ധജല സംഭരണവും, പ്രളയ ജലസംരക്ഷണ നടപടികളും സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തടയണകൾ നിർമ്മിക്കുന്നതിനും, കുളങ്ങൾ, തടാകങ്ങൾ, കിണറുകൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കം ചെയ്തു സംഭരണ സജ്ജമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വേനൽക്കാലത്തെ വർദ്ധിത ജലോപയോഗം കണക്കിലെടുത്ത് എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, ശുദ്ധജലസ്രോതസ്സുകൾ മലിനമാക്കപ്പെടാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ജലമലിനീകരണം തടയുന്നതിന് നടപടി</u>

893

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലമലിനീകരണം തടയുന്നതിനാവശ്യമായ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

894 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണം നടത്തുന്ന പ്രധാന പൈപ്പുകൾക്ക് കാലപ്പഴക്കവും തകരാറുകളും സംഭവിച്ചതിനാലുണ്ടാകുന്ന പൈപ്പുപൊട്ടലും ജലചോർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗര പ്രദേശങ്ങളിൽ മുൻഗണനാക്രമത്തിൽ ഇവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇതിനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്;തുകയുടെ വിനിയോഗം വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വന്‍കിട ശുദ്ധജലപദ്ധതികള്‍

895 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എന്‍. ആര്‍. ഡി. ഡബ്ല്യു. പി, എസ്. പി. എ. എന്‍, നബാര്‍ഡ് തുടങ്ങിയവയിലൂടെ നടപ്പാക്കുന്ന 64 വന്‍കിട ശുദ്ധജലവിതരണ പദ്ധതികള്‍ ഈ വര്‍ഷം തന്നെ പൂര്‍ത്തിയാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാന്‍ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

2013-ലെ വരൾച്ചയുമായി ബന്ധപ്പെട്ട ജലവിഭവവകുപ്പിന്റെ പ്രവൃത്തികൾ

896 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) 2013-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ ജലവിതരണ പദ്ധതികൾക്കായി എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ചേര്‍ത്തല താലൂക്കില്‍ കുടിവെള്ള വിതരണം
നടത്തുന്നതിനുള്ള നടപടി

897 ശ്രീ.പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം ജപ്പാന്‍ കുടിവെള്ള പദ്ധതി പ്രകാരം ചേര്‍ത്തല താലൂക്കില്‍ കുടിവെള്ള വിതരണം നടത്തുന്നതിന് എത്ര തുക ചെലവഴിച്ചു; ഇതിനോടകം ചേര്‍ത്തലയില്‍ എത്ര കുടിവെള്ള കണക്ഷനുകള്‍ നല്‍കി എന്നു പറയാമോ;

(ബി) ജപ്പാന്‍ കുടിവെള്ളം പൊതുടാപ്പുകളിലൂടെ വിതരണം ചെയ്യുന്നതിന്, മുന്‍പ് തീരുമാനിച്ചിരുന്ന ടാപ്പുകളുടെ എണ്ണം കുറച്ചിട്ടുണ്ടോ; പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ച് പൊതുടാപ്പുകളുടെ എണ്ണം കൂട്ടാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ നടപടി ക്രമങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ചേര്‍ത്തല മുനിസിപ്പല്‍ പ്രദേശത്ത് പൊതുടാപ്പ് പുന:സ്ഥാപിക്കണമെന്ന പൊതുജനങ്ങളുടെ അഭ്യര്‍ത്ഥന നിരാകരിക്കാന്‍ നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദവിവരം നല്‍കുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി</u>

898 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കുന്നു എന്നുറപ്പ് വരുത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന മുഴുവൻ കുടിവെള്ള പദ്ധതികളും ജപ്പാൻ കുടിവെള്ള പദ്ധതി മാതൃകയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കുടിവെള്ള ശുദ്ധീകരണം</u>

899 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ശുദ്ധീകരണത്തിന് പ്രത്യേകിച്ച് തലസ്ഥാനത്ത് മേൽ നോട്ടം വഹിക്കുന്നതിനായി യോഗ്യരായ ഉദ്യോഗസ്ഥരില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജല ശുദ്ധീകരണത്തിനായി നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കുടിവെള്ള ക്ഷാമം നേരിടുന്നതിന് കൈക്കൊണ്ട
മുൻകരുതലുകൾ

900 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി കൈക്കൊണ്ടിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്ക്കരിച്ച് പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; അവയ്ക്കായി ചെലവഴിച്ച തുകയെത്ര;

(സി) ശുദ്ധജല വിതരണ പദ്ധതികൾക്കായി 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 849 കോടി രൂപയിൽ നാളിതു വരെ എന്തു തുക ചെലവഴിച്ചുവെന്നും ഏതൊക്കെ പദ്ധതികൾക്കായാണ് വിനിയോഗിച്ചതെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കുടിവെള്ള പദ്ധതികൾ</u>

901 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചാ കാലത്ത് ബഹു.മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ചേർന്ന യോഗത്തിൽ തൃശൂർ ജില്ലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികൾക്കു വേണ്ടി അനുവദിച്ച തുക എത്രയാണെന്നും, അവ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പ്രസ്തുത യോഗതീരുമാനപ്രകാരം പദ്ധതികളെല്ലാം പൂർത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവശേഷിക്കുന്നവ ഏതെല്ലാമാണെന്നും, എന്തുകൊണ്ടാണ് അവ പൂർത്തിയാക്കാൻ കഴിയാത്തതെന്നും അറിയിക്കുമോ;

(ഇ) യോഗതീരുമാനപ്രകാരമുള്ള പദ്ധതികളിൽ പൂർത്തിയാക്കാൻ കഴിയാത്തവയെപ്പറ്റി ബന്ധപ്പെട്ടവരെകൂടി ബോധ്യപ്പെടുത്തി അവ പൂർത്തിയാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

**എറണാകുളത്ത് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

902 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമൊട്ടാകെയുള്ള ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജിക്ക (ജെ. ഐ. സി. എ) പ്രോജക്റ്റ് പ്രകാരം ചേർത്തലയിൽ ആരംഭിച്ച കുടിവെള്ള പദ്ധതി

903 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിക്ക (ജെ. ഐ. സി. എ)പ്രോജക്റ്റ് പ്രകാരം ചേർത്തലയിൽ ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ ഉത്ഘാടനം എന്നായിരുന്നു;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സർവ്വേ നടന്നിരുന്നപ്പോൾ ഉൾപ്പെടാത്ത തീരദേശ മേഖലയിലടക്കം പുതിയ ലൈൻ വലിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 70 കോടി അധികം അനുവദിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ ബഹു. മുഖ്യമന്ത്രി ഈ തുക അനുവദിച്ച് ലൈൻ എത്താത്തിടത്ത് ലൈൻ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി പ്രഖ്യാപിച്ച 70 കോടി രൂപയ്ക്കുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഡി. ആർ. ആർ., എസ്റ്റിമേറ്റ്, എന്നിവ സമർപ്പിച്ചിരിക്കുന്ന ജിക്ക (ജെ.ഐ.സി.എ) ലൈൻ എക്സ്റ്റൻഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുമോ; എങ്കിൽ ആയത് എന്നത്തേക്ക് നൽകുമെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം</u>

904 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ളപദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.ടി.പി. (എം.സി.) റോഡിൽ പൈപ്പിടലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഒറ്റൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി അധികമായി അനുവദിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകളിൽ ശുദ്ധജലപദ്ധതികൾ</u>

905 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന 27 കോടി രൂപയുടെ ശുദ്ധജല പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയ ഉത്തരവിൽ പറയുന്ന സമയക്രമം അനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള സർവ്വേ നടപടികൾ എന്നാരംഭിച്ച് എന്ന് പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 27 കോടി രൂപ പ്രസ്തുത ശുദ്ധജല പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പേരാമ്പ്ര പ്രദേശത്തെ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി</u>

906 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്ന ജല അതോറിറ്റിയുടെ ഇരുമ്പു പൈപ്പുകൾ ചോർന്നൊലിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പൈപ്പുകൾ എന്നാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പൈപ്പുകളിലൂടെയുണ്ടാകുന്ന ചോർച്ച മൂലം വകുപ്പിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന ഈ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുടിവെള്ള ടാങ്കർലോറികൾ</u>

907 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിലെ ഫ്ളാറ്റുകൾ, ആശുപത്രികൾ തുടങ്ങിയ വൻകിട സമുച്ചയങ്ങളിലേയ്ക്ക് ജലം എത്തിക്കുന്ന ടാങ്കർ ലോറികൾ, തിരുവനന്തപുരം -നെടുമങ്ങാട് റോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്നതും, റോഡിന്റെ പ്രതലങ്ങളുടെ ബലക്ഷയത്തിന് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ധന നഷ്ടം, മലിനീകരണ പ്രശ്നം, ഗ്രാമീണ റോഡുകളുടെ സുരക്ഷ എന്നിവ കണക്കിലെടുത്ത്, മുമ്പ് നിലവിലുണ്ടായിരുന്നവിധം മ്യൂസിയം ഒബ്സർവേറ്ററിക്ക് സമീപമുള്ള വാട്ടർവർക്ക്സ് വളപ്പിൽ നിന്നും ടാങ്കർ ലോറികൾക്ക് ജലം വിതരണം ചെയ്യുവാൻ സംവിധാനമുണ്ടാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>തവന്നൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

908 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും തവന്നൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾക്കായി ഭരണാനുമതി നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണെന്ന് വിശദമാക്കാമോ?

(സി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വിവിധ എൽ.ഐ. സ്കീമുകൾ</u>

909 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിളയർ ഗ്രാമപഞ്ചായത്തിലെ തുടിക്കല്ല എൽ.ഐ സ്കീം, ഓങ്ങല്ലൂർ പഞ്ചായത്തിലെ കണ്ണമ്പാറ എൽ.ഐ സ്കീം, തിരുവേഗപ്പുറ പഞ്ചായത്തിലെ പൈലീപ്പുറം, കുലുക്കല്ലൂർ പഞ്ചായത്തിലെ ആനക്കല്ല് എൽ.ഐ സ്കീം എന്നിവ തകർച്ചയിലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഈ നാലു പദ്ധതികളും പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ</u>

910 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ 2012-2013 സാമ്പത്തിക വർഷത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി മുഖാന്തിരം എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിക്കാനുള്ളതെന്നും ഏതൊക്കെയാണ് പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ, പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

911 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കലിൽ നിന്ന് ഒഴിവാക്കപ്പെട്ട ചെറുകുന്ന്, കണപുരം, പട്ടുവം പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രസ്തുത പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ കുടിവെള്ള പദ്ധതി</u>

912 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ബി) ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ നഗരസഭാ പ്രദേശത്ത് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സർവ്വേ ഇനിയും ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്</u>

913 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന കുടിവെള്ള പദ്ധതിയായ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ഒരു തവണ ധനകാര്യ വകുപ്പ് കണ്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ തലംവരെ എത്തിയതും ചെറിയ ന്യൂനതകൾ കാണിച്ച് വീണ്ടും മൈനർ ഇറിഗേഷൻ വകുപ്പിൽ തിരിച്ചെത്തിയിരിക്കുകയാണ് എന്നതും നടപടികൾ മന്ദഗതിയിലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതിയും എന്നത്തേയ്ക്ക് ഇത് പൂർത്തിയാക്കാൻ കഴിയും എന്നതും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങളിൽ വന്ന നോട്ടക്കുറവും അതുവഴി വന്നുചേർന്നിട്ടുള്ള കാലതാമസത്തിനും ആരെല്ലാമാണ് ഉത്തരവാദികൾ എന്നത് പരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മുരിക്കുംപാടം ഉപരിതല സംഭരണിയുടെ കമ്മീഷനിംഗ്

914 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുരിക്കുംപാടത്ത് നിർമ്മാണം നടന്നുവരുന്ന 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ കമ്മീഷനിംഗ് 2013 ഒക്ടോബറിൽ പ്രതീക്ഷിക്കുന്നതായി നിയമസഭാ ചോദ്യത്തിന് മറുപടിയായി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിശ്ചയിച്ച കാലാവധി എത്രയെന്നും എത്ര തവണ സമയം ദീർഘിപ്പിച്ചു നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സമയം ദീർഘിപ്പിച്ച് നൽകിയതുമൂലം ഉണ്ടായ ധനനഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ടാങ്കിന്റെ നിർമ്മാണപ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

എലത്തൂർ നിയോജകമണ്ഡലത്തിലെ വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾ

915 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കേരള ജല അതോറിറ്റി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് എപ്പോൾ അനുമതി നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വൈപ്പിനിലെ കുടിവെള്ളക്ഷാമം</u>

916

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള ഹഡ്കോ പദ്ധതി പ്രകാരം പ്രതിദിനം ആവശ്യമായി വരുന്ന 10 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യാത്തതുമൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിദിനം 10 എം.എൽ.ഡി. ശുദ്ധജലം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനായി റെയിൽ സ്ഥാപിച്ചപ്പോൾ തകരാറിലായ 800 എം.എസ്. പൈപ്പിന് പകരം താൽക്കാലികമായി സ്ഥാപിച്ച 400 എം.എം. പൈപ്പ് മുഖേന 6 എം.എൽ.ഡി. ശുദ്ധജലം മാത്രമേ വിതരണം ചെയ്യാനാകൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പൈപ്പ് മാറ്റി 800 എം.എം.എം.എസ്. പൈപ്പ് മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കടമക്കുടി പഞ്ചായത്തിലെ മൂപ്പത്തടം പദ്ധതി

917

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള മൂപ്പത്തടം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുത്തൻപള്ളി ജംഗ്ഷനിൽ ദേശീയപാത ക്രോസ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

റാന്നി മേജർ കുടിവെള്ളവിതരണ പദ്ധതി

918 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കുമോ; എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്;

(സി) പ്രസ്തുത പദ്ധതിയുടെ കമ്മീഷനിംഗ് എന്നത്തേക്ക് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനം

919 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനം നിലവിൽ എത്ര കോടി രൂപയാണ് എന്നു വ്യക്തമാക്കുമോ;

(ബി) ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികൾ, വൈദ്യുതി എന്നിവയ്ക്കായി പ്രതിമാസം ചെലവ് എത്ര കോടി രൂപയാണ്; വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പദ്ധതിയേതര വിഹിതമായി നീക്കി വെച്ചിട്ടുള്ളത്; ആയതിൽ ഇതുവരെ എന്തു തുക ചിലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ജല അതോറിറ്റിയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജല അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ, പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എന്തു തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആയതുവഴി എന്തു തുക പിരിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുപ്പിവെള്ള ഫാക്ടറി</u>

920 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുപ്പിവെള്ള ഫാക്ടറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ളം എന്ന് മുതൽ വിപണിയിൽ എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്; എത്ര രൂപ നിരക്കിൽ; വിശദമാക്കുമോ;

(ഡി) ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള മൂലധനചെലവ് എത്രയാണ്; പ്രസ്തുത തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കേരള വാട്ടർ അതോറിറ്റി കുടിവെള്ള നിർമ്മാണ ബോട്ടിലിംഗ് പ്ലാന്റ്</u>

921 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കേരള വാട്ടർ അതോറിറ്റി'ക്കു കീഴിൽ കുടിവെള്ള നിർമ്മാണ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത പ്ലാന്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

**വെള്ളക്കരം ശേഖരിക്കാൻ സ്വകാര്യബാങ്കുകളെ ചുമതലപ്പെടുത്തൽ**

922 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം ശേഖരിക്കാൻ സ്വകാര്യബാങ്കുകളെ ചുമതലപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ബാങ്കിനെയാണ് ചുമതലപ്പെടുത്തിയത്; എന്ന് മുതലാണ് ഇപ്രകാരം തുക ശേഖരിച്ച് തുടങ്ങുന്നത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) വെള്ളക്കരം ശേഖരിക്കാൻ സ്വകാര്യ ബാങ്കുകളെ ചുമതലപ്പെടുത്താനുള്ള സാഹചര്യം എന്തെന്ന് വിശദമാക്കുമോ;

(സി) ബാങ്കും, കേരളാ വാട്ടർ അതോറിറ്റിയും തമ്മിൽ ഇത് സംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടുണ്ടോ; വ്യവസ്ഥകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ജനസേവനകേന്ദ്രങ്ങളും വാട്ടർ അതോറിറ്റി കളക്ഷൻ സെന്ററുകളും മുഖേന ഇനിയും വെള്ളക്കരം സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിക്ക് എത്ര ഉപഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുടിവെള്ള വിലവർദ്ധന</u>

923 ശ്രീ. വി. ശിവൻകുട്ടി
,, കെ.കെ. ജയചന്ദ്രൻ
,, ബി.ഡി. ദേവസ്സി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് വില വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റിക്കുള്ള ധനസഹായം കുറച്ച്, വിലവർദ്ധന അനിവാര്യമാക്കുന്ന നിലപാടിൽനിന്ന് സർക്കാർ പിന്തിരിയുമോ;

(സി) കുടിവെള്ള വിതരണ രംഗത്തെ സ്വകാര്യ കച്ചവടക്കാർക്ക് ലാഭം വർദ്ധിപ്പിക്കുന്നതിനും, സ്വകാര്യപങ്കാളിത്തത്തോടെയുള്ള കുടിവെള്ള വിതരണകമ്പനികൾക്ക് പ്രവർത്തനമാരംഭിക്കാൻ അവസരം ഒരുക്കുന്നതിനും വിലവർധന ഇടയാക്കുമെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ സ്വകാര്യവത്ക്കരണം</u>

924 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയെ കമ്പനിവൽക്കരിക്കുവാനോ, സ്വകാര്യവൽക്കരിക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വകാര്യ കുടിവെള്ള ഫാക്ടറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ; ഇവർക്ക് സർക്കാരിന്റെ ജലാശയങ്ങളിൽനിന്ന് ജലം ശേഖരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഈ സർക്കാർ കുടിവെള്ളഫാക്ടറി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) 'സീയാൽ മോഡൽ' കുടിവെള്ള ഫാക്ടറി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ</u>

925 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ തയ്യാറാക്കിയ പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് സ്റ്റഡി റിപ്പോർട്ടിൻമേലും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് റിപ്പോർട്ടിൻമേലും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കാൻ ചെലവായ തുക എത്രയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ഗാർഹിക കണക്ഷൻ എടുക്കുന്നതിന്റെ നടപടിക്രമം</u>

926 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഗാർഹിക കണക്ഷൻ എടുക്കുന്നതിന് ഉപഭോക്താവ് നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമുണ്ടോ; ഇതു സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിന് പുതിയ കണക്ഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ കുറച്ചുകൂടി ലഘൂകരിക്കുമോ;

(സി) ലൈസൻസുള്ള പ്ലംബർ തന്നെ സർട്ടിഫൈ ചെയ്താലെ ഡൊമസ്റ്റിക് കണക്ഷൻ നൽകൂ എന്ന ഉത്തരവ് കെ.ഡബ്ല്യു.എയിൽ നിലവിലുണ്ടോ;

(ഡി) ഗാർഹിക ആവശ്യത്തിനുള്ള കണക്ഷൻ എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി കുടിവെള്ള വിതരണത്തിന് നൽകിവരുന്ന വൈദ്യുതി ചാർജ്ജ്</u>

927 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, കുടിവെള്ള വിതരണത്തിന് നല്കേണ്ടിവരുന്ന വൈദ്യുതി ചാർജ്ജ് ഏത് നിരക്കിൽ പെടുന്നതാണ് ;

(ബി) വാട്ടർ അതോറിറ്റി നല്കുന്നത് വ്യവസായ താരീഫ് ആണോ ; ഇത് മാറ്റാൻ സാധ്യതയുണ്ടോ ;

(സി) ജലനിധി - തദ്ദേസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന കുടിവെള്ള വിതരണ പദ്ധതികൾക്ക് നല്കുന്ന വൈദ്യുതി താരീഫ് കേരള വാട്ടർ അതോറിറ്റിയ്ക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ ഹെൽപ്പ് ഡെസ്ക്കുകൾ</u>

928 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 കാലഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ താലൂക്ക്/കേന്ദ്ര ഓഫീസുകളിൽ പ്രവർത്തനം ആരംഭിച്ച ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തനക്ഷമമാണോ;

(ബി) ഹെൽപ്പ് ഡെസ്കുകൾ ഭൂരിപക്ഷം ഓഫീസുകളിലും പ്രവർത്തിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഹെൽപ് ഡെസ്ക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ഹെൽപ്പ് ഡെസ്ക്കുകൾ</u>

929 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഹെൽപ്പ് ഡെസ്ക്കുകൾ ഏതെല്ലാം തലത്തിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഹെൽപ്പ് ഡെസ്ക്കുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത സംവിധാനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംവിധാനത്തെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

റോഡ് പുനർ നിർമ്മാണത്തിനും നഷ്ടപരിഹാരത്തിനും നടപടി

930 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ വാട്ടർ അതോറിറ്റി പ്രവൃത്തി നടത്തുമ്പോൾ റോഡുകൾക്കുണ്ടാവുന്ന നാശനഷ്ടം യഥാസമയം പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കുഴികളിൽ വീണ് മരണമടഞ്ഞവരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകയിട്ടുണ്ടോ;

(ഡി) ഇത്തരം കേസുകളിൽ നഷ്ടപരിഹാരം നൽകേണ്ടത് ഏത് വകുപ്പാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം കേസുകളിലൂടെ റോഡ് നിർമ്മാണത്തിനും നഷ്ടപരിഹാരത്തിനുമായി ഓരോ വർഷവും വാട്ടർ അതോറിറ്റി എത്ര രൂപയാണ് അധികം ചെലവാക്കുന്നത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വെള്ളക്കരം ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കാൻ നടപടി

931 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ജല ഉപഭോക്താക്കളുണ്ട്; ഇവർക്ക് വെള്ളക്കരം അടക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകൾ നിർബന്ധമാക്കുന്നതിനും വെള്ളക്കരം ബാങ്കിലൂടെ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഇത് പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിലവിൽ ജലഅതോറിറ്റിയുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് ഏതാണ്, വെള്ളക്കരം ഈടാക്കാനുള്ള ചുമതല ഏതു ബാങ്കിന് നൽകാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലുള്ള അപാകതകൾ</u>

932 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 19.01.2013, 25.01.2013 എന്നീ തീയതികളിലെ ഉത്തരവുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഏതെല്ലാം സംഘടനകളിൽനിന്നും പരാതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റി ജീവനക്കാരുടെ സ്ഥലംമാറ്റം

933 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും 'നോംസ്' നിലവിലുണ്ടോ;

(ബി) 'നോംസ്'-ന് വിരുദ്ധമായി സ്ഥലംമാറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ 'നോംസ്'-ന് വിരുദ്ധമായ സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യുമോ;

(ഡി) ഭാവിയിൽ 'നോംസ്'-ന് വിരുദ്ധമായി ജീവനക്കാരെ സ്ഥലം മാറ്റരുതെന്നുള്ള നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ</u>

934 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ 1-7-2009 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് 28-2-2011-ൽ സർക്കാർ ഉത്തരവ് ആയെങ്കിലും വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്ക്കരണം 16 മാസം വൈകി 3-7-2012-ൽ പ്രാബല്യത്തിൽ ഉത്തരവാകാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ബി) 1-7-2009 മുതൽ നാലു വർഷമായി വാട്ടർ അതോറിറ്റി പെൻഷൻകാർക്ക് ലഭിക്കുവാനുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാട്ടർ അതോറിറ്റി പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ എൻ.എം.ആർ./പ്രൊവിഷണൽ ജീവനക്കാർ</u>

935 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ അവശേഷിക്കുന്ന എൻ.എം.ആർ/ പ്രൊവിഷണൽ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 1-4-1984-ൽ സർവ്വീസിൽ ഉണ്ടായിരുന്നതും 1-4-1989-ൽ റഗുലറൈസ് ചെയ്യപ്പെട്ടതുമായ എൻ.എം.ആർ. ജീവനക്കാരുടെ റഗുലറൈസേഷന് മുൻകാല പ്രാബല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ, ഡ്രാഫ്റ്റ്സ്മാൻ, ക്ലാസ്സ്ഫോർ, എൽ.ഡി.സി., യു.ഡി.സി., ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, മീറ്റർ റീഡർ, പ്ലംബർ, ഫിറ്റർ, കെമിസ്റ്റ്, ഡ്രൈവർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ പ്രൊമോഷന് കാലതാമസം ഏറെ ഉണ്ടാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ
മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

936 ശ്രീ.ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ അംഗീകരിച്ച കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ആക്റ്റ് പ്രകാരവും സ്റ്റാറ്റ്യൂട്ടറി റൂൾ ഓർഡർ പ്രകാരവും 2012 വരെ ലഭിച്ചുവരുന്ന കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 2013-ൽ പൂർണ്ണമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളാ വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധമായ വിവരശേഖരണം എം/എസ്.ഗുഡ് ഹെൽത്ത് പ്ലാൻ എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചുകൊണ്ടുള്ള സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2013-ലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പൂർണ്ണമായി നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കോഴിക്കോട് ജല വിതരണ പദ്ധതി

937 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ 30-04-2013-ലെ ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം കോഴിക്കോട് ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പമ്പ് ഓപ്പറേറ്റർമാരായി തുടരാൻ അനുമതി

938 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യൂ.എ കോട്ടയം ഡിവിഷനിൽ നിന്ന് പമ്പ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്ത എച്ച്. ആർ കാരിൽ നിന്നും ഏറ്റവും അവസാനം - സി.എൽ.ആർ, എൻ.എം.ആർ - ലിസ്റ്റ് ആവശ്യപ്പെട്ടപ്പോൾ, തസ്തികയ്ക്ക് വേണ്ട നിശ്ചിത യോഗ്യതയുള്ളവർ ആയതുകൊണ്ട് പ്രൊവിഷണൽ അപ്പോയിന്റ്മെന്റ് ലഭിച്ചതിനാൽ പഴയ ലിസ്റ്റിൽ പേരു വരാതെ പോയ, 50 വയസ്സു കഴിഞ്ഞ 12 ജീവനക്കാരുടെ കാര്യത്തിൽ കെ.ഡബ്ല്യു.എ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മാനുഷിക പരിഗണന നൽകി പ്രസ്തുത 12 ജീവനക്കാർക്കും കെ.ഡബ്ല്യു.എ യിൽ തുടരുന്നതിന് അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പാവറട്ടി ശുദ്ധജല വിതരണ പദ്ധതി</u>

939 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി തൃശൂർ പി.എച്ച്. സർക്കിളിന്റെ കീഴിൽ വരുന്ന പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള കുന്നംകുളം - ഗുരുവായൂർ - ചാവക്കാട് സി.ഡബ്ല്യു.എസ്. സ്കീമിന്റെ കുന്നംകുളം ഗേൾസ് ഹൈസ്കൂൾ മുതൽ ചാട്ടുകുളം വരെയുള്ള ഭാഗത്തെ കാലപ്പഴക്കം ചെന്ന 700 എം.എം. പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പൊന്നാനിയിലെ കുടിവെള്ള പദ്ധതി</u>

940 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ കാഞ്ഞിരമുക്ക് പുഴക്കടിയിലൂടെ പോകുന്ന വാട്ടർ അതോറിറ്റിയുടെ പൈപ്പ് നിരന്തരം പൊട്ടുന്നതുമൂലം മാറഞ്ചേരി, പെരുമ്പടപ്പ്, വെളിയങ്കോട് പ്രദേശങ്ങളിൽ കുടിവെള്ളം പതിവായി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് 50 ലക്ഷത്തോളം വരുന്ന എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പൈപ്പ്ലൈൻ പാലത്തിന് മുകളിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ കടൽഭിത്തി/പുലിമുട്ട് നിർമ്മാണത്തിന് നടപടി</u>

941 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിലെയും അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെയും പുലിമുട്ട്/കടൽഭിത്തി നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പുലിമുട്ട് നിർമ്മാണത്തിന് ഇതുവരെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) പുലിമുട്ട് നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ വരൾച്ച ദുരിതാശ്വാസ പദ്ധതികൾ</u>

942 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ 2013 -ലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എന്ത് തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയും എത്ര തുകയുടേതെന്നും ഇതിൽ ടെണ്ടർ ചെയ്തവ, നിർമ്മാണം പൂർത്തീകരിച്ചവ ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) ഇനിയും ടെണ്ടർ ചെയ്യാത്തതും ടെണ്ടർ ചെയ്തിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും കാലതാമസം നേരിടാനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പൊന്നാനി മണ്ഡലത്തിലെ ജീലാനി നഗർ പ്രദേശത്തെ കടൽഭിത്തി നിർമ്മാണം

943 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ജീലാനി നഗർ പ്രദേശത്ത് കടൽഭിത്തിയില്ലാത്തതു മൂലം തീരദേശ റോഡ് ഒന്നാകെ കടലെടുക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരത്ത് കടൽഭിത്തി നിർമ്മിക്കുന്ന പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പദ്ധതി</u>

944

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ പ്രതിരോധ പദ്ധതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അവ ഏതെല്ലാം പഞ്ചായത്തിൽ എന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) കഴിഞ്ഞ കാലവർഷത്തിൽ കൊയിലാണ്ടിയിലെ കൊളാവി കോട്ട കടപ്പുറം ഭാഗങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ തീരപ്രദേശത്ത് നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ജീവിത സുരക്ഷ മുൻനിർത്തി ഈ പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കാനാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും കൊയിലാണ്ടിയിലെ കൊളാവി ഉൾപ്പെടെ കടൽഭിത്തിയില്ലാത്ത ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

945 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലവിഭവ വകുപ്പ് മുഖേന പുതുതായി ആവിഷ്ക്കരിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി / സ്ഥിതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നുപോകുന്ന മലിനജല കനാൽ

946 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നു പോകുന്ന മലിന ജല കനാലിന്റെ ചുമതല ജലവിഭവ വകുപ്പിനാണോ എന്ന കാര്യം വ്യക്തമാക്കുമോ;

(ബി) എങ്കിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ കനാലിന്റെ മെയിന്റനൻസ്, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവഴിച്ചു;

(സി) പട്ടണത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ഈ കനാലിൽ ഉടനീളം അടിഞ്ഞു കിടപ്പുള്ള മാലിന്യങ്ങൾ എപ്പോഴെങ്കിലും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ ഈ പ്രവൃത്തി ചെയ്തത് എപ്പോഴാണെന്നും എന്തു തുക ചെലവു വന്നു എന്നും വ്യക്തമാക്കുമോ;

(ഡി) റെയിൽവെ ലൈനിനടിയിലൂടെ കടന്നു പോകുന്ന ഭാഗത്ത് അടിഞ്ഞു കൂടിയ മാലിന്യം റെയിൽ ഗതാഗതത്തെ ബാധിക്കാത്ത വിധം നീക്കം ചെയ്യാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന കാര്യം എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഈ കനാലിൽ പതിറ്റാണ്ടുകളായി അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യവും ഒഴുക്കു തടയുന്ന വിധം കുറുകെ പോകുന്ന പൈപ്പുകളും, വളർന്നു കയറിയ കാടുകളും നീക്കം ചെയ്ത്, തലസ്ഥാന നഗരത്തിലെ വെള്ളപ്പൊക്ക ദുരിതം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ</u>

947 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ജലവിഭവ വകുപ്പിൽ നിന്നും വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) കടൽക്ഷോഭം, വെള്ളക്കെട്ട് എന്നിവ മൂലം ബുദ്ധിമുട്ടുന്ന വൈപ്പിൻ ദ്വീപിൽ കൽച്ചിറ കെട്ടുന്നതിനും, സീവാൾ കെട്ടുന്നതിനും, പുലിമുട്ട് നിർമ്മിക്കുന്നതിനും ആവശ്യമായ കൂടുതൽ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ചേർത്തല മണ്ഡലത്തിലെ പ്രവൃത്തികൾ</u>

948 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ചേർത്തല മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള പ്രവൃത്തികൾ എതെല്ലാമാണെന്നും അവ ഓരോന്നിനും വിനിയോഗിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) ചേർത്തല മണ്ഡലത്തിലെ ഏതെല്ലാം പൊതുകുളങ്ങൾ സംരക്ഷിക്കാനും ആഴം കൂട്ടുന്നതിനുമാണ് കുട്ടനാട് പാക്കേജിൽ തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇവ ഓരോന്നിന്റെയും വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പുതുപ്പാടി താഴെ 'ആലിൻചുവട്' കുളിക്കടവു സംരക്ഷണം

949 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഴയോരങ്ങളിലെ പരമ്പരാഗത കുളിക്കടവുകൾ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ബാലുശ്ശേരി പഞ്ചായത്തിലെ രാമൻപുഴ തീരത്ത് അഞ്ചാം വാർഡിൽ പുതുപ്പാടിതാഴെ ആലിൻചുവട് കുളിക്കടവും പുഴയുടെ പാർശ്വഭിത്തിയും സംരക്ഷിക്കാനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കൊല്ലം - കോട്ടപ്പുറം ജലപാത നിർമ്മാണം</u>

950 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം - കോട്ടപ്പുറം ജലപാതയുടെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തിയാക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനം ഇതുവരെ നടപ്പാക്കിയിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പ്രവൃത്തി എവിടെല്ലാം എത്ര കിലോമീറ്റർ നടപ്പാക്കിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ജലപാത സാക്ഷാൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?